©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2026 ആഗസ്റ്റ് 22<br>22nd August 2026<br>1202 ചിങ്ങം 6<br>6th Chingam 1202<br>1948 ശ്രാവണം 31<br>31st Sravana 1948 | നമ്പർ<br>No. | 2339 |

### കരുനാഗപ്പള്ളി നഗരസഭ
### വിജ്ഞാപനം

6797191/2026 *2026 ആഗസ്റ്റ് 20*

2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9) 36- ാം വകുപ്പ് (1) - ാം ഉപവകുപ്പ് പ്രകാരം കരുനാഗപ്പള്ളി നഗരസഭ പ്രദേശത്തിന് വേണ്ടിയുള്ള (അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി) **GIS** അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ പരിഷ്ക്കരണങ്ങളോട് കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യം ഫോറം II ൽ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി
കരുനാഗപ്പള്ളി നഗരസഭ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം - II

(ചട്ടം 16(1) കാണുക)

## കരുനാഗപ്പള്ളി മുനിസിപ്പൽ കൌൺസിൽ

2016 ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് 2016 ലെ 9 - ാം ആക്ട് - ലെ 36 - ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം കരുനാഗപ്പള്ളി നഗരസഭ പ്രദേശത്തിന് വേണ്ടിയുള്ള (അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി) GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്ക്കരണങ്ങളോട് കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യത്തിൻറെ വിജ്ഞാപനം

സർക്കാരിൻറെ 21.11.2022 തീയതിയിലെ G.O(Rt) No. 2871/2022/LSGD ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 49 ടൌണുകൾക്കായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചീഫ് ടൌൺപ്ലാനറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത 49 ടൌണുകളിൽ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി ഉൾപ്പെട്ടിട്ടുള്ളതുമാണ്. ചീഫ് ടൌൺപ്ലാനറുടെ 04.07.2024 ലെ LSGD/PD/21775/2023- TCPB3 കത്ത് പ്രകാരം 2021 ലെ കേരള നഗര - ഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിലെ രൂപീകരണവും അനുമതി നൽകലും ചട്ടങ്ങൾ ചട്ടം(16) പ്രകാരം അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടുന്ന തുടർ നടപടികൾ സ്വീകരിക്കുവാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകി. ഇതിൻ പ്രകാരം 25.05.2026 തീയതിയിലെ 14- ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരം അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അംഗീകാരം നൽകുകയും 2016 ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 32 - ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കലുമായി ബന്ധപ്പെട്ട് നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ വഹിക്കുന്നതിന് ഒരു മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിക്കുന്നതിനും കൌൺസിൽ അംഗീകാരം നൽകി തീരുമാനിക്കുകയും ചെയ്തു. 2016 ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രസിദ്ധീകരിക്കുന്ന നോട്ടീസ്.

2016 ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 36 - ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം കരുനാഗപ്പള്ളി മുനിസിപ്പൽ കൌൺസിൽ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോടു കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 25.05.2026 തീതിയിൽ നടന്ന യോഗത്തിലെ 14 - ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

വടക്ക് : തഴവ ഗ്രാമപഞ്ചായത്ത്, കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

കിഴക്ക് : തൊടിയൂർ ഗ്രാമപഞ്ചായത്ത്

തെക്ക് : പന്മന ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : ആലപ്പാട് ഗ്രാമപഞ്ചായത്ത്

(ബി) ആസൂത്രണ പ്രദേശത്തിൻറെ ഏകദേശ വിസ്തൃതി - 1809 ഹെക്ടർ

2016 ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 36 - ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
ചെയർപേഴ്സൺ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.22 07:16:27 +05:30